(7) മേത്താനംകടവിൽ പാലം

ശ്രീ. കെ. മുഹമ്മദാലി : സർ, ആലങ്ങാട് പഞ്ചായത്തിലെ മേത്താനംകടവിൽ ഒരു പാലം നിർമ്മിക്കണമെന്നുള്ളതാണ് എന്റെ ആവശ്യം. ഏലൂർ വ്യവസായ മേഖല എപ്പോഴും അപകടങ്ങൾ ഉണ്ടാകുന്ന ഒരു പ്രദേശമാണ്. ഈയടുത്തുതന്നെ എച്ച്.ഐ.എൽ.-ലെ പ്ലാന്റ് പൊട്ടിത്തെറിച്ച് വളരെയേറെ അപകടങ്ങൾ ഉണ്ടായി. ജനങ്ങൾ എങ്ങോട്ട് ഓടിപ്പോകണമെന്നറിയാതെ ആ പ്രദേശം ഒരു ദ്വീപ് എന്ന നിലയിൽ വളരെ പ്രയാസപ്പെടുകയാണ്. അതുകൊണ്ടുതന്നെ വളരെ പ്രാധാന്യത്തോടുകൂടി അതീവ ഗൗരവത്തോടുകൂടി തന്നെ ഈ പാലം നിർമ്മിക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. ആ പാലത്തിന്റെ നിർമ്മാണം എത്രയും വേഗം ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)* : സർ, ഏലൂർ നദിക്കു കുറുകെ കളമശ്ശേരിയേയും മേത്താനത്തേയും ബന്ധിപ്പിക്കുന്ന 37.07 മീറ്റർ നീളം വരുന്നതും 5 സ്പാനോടുകൂടിയതും നടപ്പാതയുള്ളതുമായ ഒരു പാലം പണിയുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത പാലത്തിന്റെ വിശദമായ ഡിസൈൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പാലംപണി ആരംഭിക്കുന്നതാണ്.

(8) പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാംപാറയിൽ ആർട്സ്. ആന്റ് സയൻസ് കോളേജ് അനുവദിക്കണമെന്ന ആവശ്യം

ശ്രീ. കെ. അച്ചുതൻ : സർ, മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ഭാഷാ ന്യൂനപക്ഷ കമ്മിറ്റി 1998-ൽ പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാംപാറയിൽ ഒരു കോളേജ് തുടങ്ങണമെന്ന ആവശ്യം ഉന്നയിക്കുകയുണ്ടായി. അവിടെ 15 ഏക്കർ സ്ഥലം സൗജന്യമായി നൽകിയാൽ കോളേജ് അനുവദിക്കാമെന്ന് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഇ. കെ. നായനാർ ഉറപ്പ് നൽകിയതാണ്. അതനുസരിച്ച് ഞാൻ ചെയർമാനായ കമ്മിറ്റി 15 ഏക്കർ സ്ഥലം സൗജന്യമായി യൂണിവേഴ്സിറ്റിയെ ഏൽപ്പിച്ചിരിക്കുകയാണ്. പക്ഷെ ഇതുവരെ കോളേജ് തുടങ്ങാൻ യാതൊരു നടപടിയും ആയിട്ടില്ല. 2003-ൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ആന്റണി പറഞ്ഞു, ഉടനെതന്നെ ഇവിടെ കോളേജ് തുടങ്ങുന്നതാണെന്ന്. കോളേജിനാവശ്യമായ സ്ഥലം വാങ്ങി കൊടുത്തതു കൂടാതെ എം. എൽ. എ. ഫണ്ടിൽ നിന്നും 25 ലക്ഷം രൂപയും എം. പി. ഫണ്ടിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

25 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്. ഒരു കല്യാണമണ്ഡപവും തുടങ്ങുന്നതിന് അവിടെ ഏർപ്പാട് ചെയ്തിട്ടുണ്ട്. അടിയന്തിരമായി അവിടെ കോളേജ് തുടങ്ങാൻ സാധിച്ചില്ലെങ്കിൽ എനിക്ക് അവിടെ പിടിച്ചു നിൽക്കാൻ ബുദ്ധിമുട്ടുണ്ട്, അതുകൊണ്ട് ദയവായി എനിക്ക് ഒരു അഭ്യർത്ഥനയേയുള്ളൂ, എനിക്ക് എം. എൽ. എ. യായി അവിടെ തുടരണമെന്നുണ്ടെങ്കിൽ ഈ കോളേജ് തുടങ്ങാനുള്ള നടപടി അടിയന്തിരമായി ഗവൺമെന്റ് ഉണ്ടാക്കണമെന്നതാണ് അത്. ഞാൻ പറയേണ്ടത് പറഞ്ഞു, അല്ലെങ്കിൽ അടുത്ത സഭയിൽ ഞാൻ ഉണ്ടാകില്ല എന്നുമാത്രം.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)* : സർ, കൊഴിഞ്ഞാംപാറയിൽ ഒരു കോളേജ് തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിരുന്നു. അതിന് 25,62,084 രൂപ പ്രതിവർഷം ചെലവാകുമെന്നാണ് കാണിച്ചിരിക്കുന്നത്. കോളേജിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനു മുന്നോടിയായി പ്രിൻസിപ്പൽ-കം-സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിന് അനുമതി തേടി വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനെ സമീപിച്ചിരുന്നുവെങ്കിലും സ്ർക്കാർ മേഖലയിൽ പുതിയ കോളേജ് അനുവദിക്കുന്ന കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആശാവഹമല്ല. ഭാഷാ ന്യൂനപക്ഷങ്ങൾക്കായുള്ള സമിതിയുടെ 17-7-2004-ലെ യോഗത്തിന്റെ മിനിട്സിൽ കോളേജ് ആരംഭിക്കുമെന്ന് വ്യക്തമായ നിർദ്ദേശങ്ങൾ ഒന്നും ഇല്ല എന്നും ഗവൺമെന്റ് സെക്ടറിൽ പുതിയ ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുന്നതിന് ഒരു ന്യായീകരണവും ഇല്ലെന്നുമാണ് ധനകാര്യവകുപ്പിന്റെ നിലപാട്. അക്കാഡമിക് വിഭാഗത്തിൽ 16 തസ്തികകളും നോൺ ടീച്ചിംഗ് വിഭാഗത്തിൽ 18 തസ്തികകളും സൃഷ്ടിക്കേണ്ടതുണ്ടെന്നും, 30 ശതമാനത്തിൽ കൂടുതൽ ഭാഷാ ന്യൂനപക്ഷ വിദ്യാർത്ഥികൾ പഠിക്കാനില്ല എന്നുള്ളതും കണക്കിലെടുത്ത് ഭരണ വകുപ്പിന്റെ ആവശ്യം അനുവദിക്കാൻ ആവില്ല എന്നും ധനകാര്യവകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്. അത്രമേൽ ആവശ്യമാണെങ്കിൽ അടുത്ത വർഷം ഇക്കാര്യം പരിഗണിക്കാമെന്ന് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

മി. സ്പീക്കർ: മുഖ്യമന്ത്രി എന്ന നിലയ്ക്ക് മറുപടി കൊടുക്കുന്ന അങ്ങ് ധനകാര്യ വകുപ്പിനെ ഒന്ന് സ്വാധീനിക്കണം.

ശ്രീ. വക്കം പുരുഷോത്തമൻ: അപ്പോൾ അടുത്ത സാമ്പത്തിക വർഷം ഇത് ശ്രമിക്കാം. ശ്രീ. അച്യുതൻ സഹകരിക്കണം, പൊയ്ക്കളയണ്ട, നമുക്ക് കാര്യങ്ങൾ നടത്താം.

LIBRARY ARCHIVES Kerala Legislative Assembly